"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - നാട്ടാന പരിപാലന ചട്ടം 2012 - ആന എഴുന്നള്ളിപ്പ് നടത്തുന്നതിന് ദേവസ്വങ്ങൾ /ക്ഷേത്രങ്ങൾ ജില്ലാ കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നത് - ബഹു. സുപ്രീം കോടതി ഉത്തരവ് പാലിക്കാത്തത് - ദേവസ്വങ്ങൾക്ക് /ക്ഷേത്രങ്ങൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈ) നം.19/2022/F&WLD തീയതി,തിരുവനന്തപുരം, 20-04-2022

---

പരാമർശം:-
1. WP(C) No.743/2014 ൽ ബഹു. സുപ്രീം കോടതിയുടെ 18.08.2015 ലെ ഉത്തരവ്.
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് ലൈഫ് വാർഡന്റെ 7.01.2020 ലെ KFDHQ/1017/2019/BDC നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം നാട്ടാന പരിപാലന ചട്ടം നിലവിൽ വന്ന 2012 കാലയളവിൽ ആന എഴുന്നള്ളിപ്പ് നടത്തിയിരുന്ന ദേവസ്വങ്ങൾക്ക് /ക്ഷേത്രങ്ങൾക്ക് തുടർ വർഷങ്ങളിലും എഴുന്നള്ളിപ്പ് നടത്തുന്നതിന് ജില്ലാ കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവ് തീയതി (18.08.2015) മുതൽ ആറാഴ്ച സമയം നല്കിയിരുന്നു. എന്നാൽ ടി കാലയളവിൽ ഇത്തരത്തിലുള്ള എല്ലാ ക്ഷേത്രങ്ങൾക്കും രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തതിനാൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി നീട്ടി നല്കുന്നത് സംബന്ധിച്ച് ബഹു.സുപ്രീം കോടതി സ്റ്റാന്റിംഗ് കൗൺസിൽ സർക്കാരിന് നൽകിയ നിയമോപദേശത്തിന്റെ വെളിച്ചത്തിൽ ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യുവാൻ വിട്ടു പോയ ദേവസ്വങ്ങൾക്ക്/ക്ഷേത്രങ്ങൾക്ക് ജില്ലാ കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന് 20.01.2020 മുതൽ ഒരു മാസം കൂടി സമയം അനുവദിച്ച് നൽകുവാൻ എല്ലാ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾക്കും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് ലൈഫ് വാർഡൻ പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ പല ദേവസ്വങ്ങളും ക്ഷേത്രങ്ങളും 2012-ലെ കേരള നാട്ടാന (കാര്യ കർത്തൃത്വവും പരിപാലനവും) ചട്ടങ്ങൾ പ്രകാരമുള്ള ബന്ധപ്പെട്ട ജില്ലാ കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നും ഉത്സാവത്തിൽ എഴുന്നള്ളിക്കുന്ന ആനകളുടെ എണ്ണം വ്യക്തമാക്കണമെന്നുമുള്ള 18-8-2015 -ലെ ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങൾ കാണിച്ച് ഈ ആവശ്യത്തിനായി സർക്കാരിൽ ഇപ്പോഴും അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. കോവിഡ് പ്രതിസന്ധി തീർന്നതോടെ ബഹു. കോടതി ഉത്തരവ് പാലിക്കാതെ ആന എഴുന്നള്ളിപ്പിന് ശ്രമിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് കർശനമായും പാലിക്കേണ്ടതാണ് എന്നും, ആയതു പ്രകാരം നടപടി പൂർത്തീകരിക്കാൻ കഴിയാത്ത ക്ഷേത്രങ്ങളും ദേവസ്വങ്ങളും 31-5-2022 നകം നടപടികൾ പൂർത്തീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അല്ലാത്ത പക്ഷം ബഹു:സുപ്രീം കോടതി ഉത്തരവ് ലംഘിക്കുന്ന ക്ഷേത്രങ്ങൾക്കും ദേവസ്വങ്ങൾക്കും എതിരെ കർശന നടപടി സ്വീകരിക്കുന്നതും പരാമർശം (1) ലെ ഉത്തരവിന്റെ ലംഘനം ബഹു: സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതുമാണ് എന്നും സർക്കാർ നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ), തിരുവനന്തപുരം.
റവന്യൂ (ദേവസ്വം) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Sabarish M S**
**Date: 21-04-2022 12:53:10**

സെക്ഷൻ ഓഫീസർ

പകർപ്പ്:- വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്